മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ഒരാഴ്ചയായി തുടരുന്ന തെക്കു പടിഞ്ഞാറൻ കാലവർഷത്തിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ വ്യാപകമായ നാശനഷ്ടങ്ങളും ഉണ്ടായിട്ടുണ്ട്. അവിടെ 3 ദുരിതാശ്വാസ ക്യാമ്പുകളും തുടങ്ങുകയും 295 പേരെ പാർപ്പിച്ചിരിക്കുകയുമാണ്. പൂർണ്ണമായും ഭാഗികമായും വീടുകളും നഷ്ടപ്പെട്ടവർക്ക് ധനസഹായം കൊടുക്കും. വെള്ളപ്പൊക്കം കൊണ്ട് അഫക്ടഡായിട്ടുള്ളവർക്ക് സൗജന്യ റേഷൻ കൊടുക്കാൻ നിർദ്ദേശം കൊടുക്കാം.

(8) ഭാരതപ്പുഴയിൽ തൂതപ്പുഴയ്ക്കും താഴെ ചെക്ക് ഡാം

ശ്രീ. വി. കെ. ചന്ദ്രൻ: സർ, പാലക്കാട് മലപ്പുറം ജില്ലകളിലെ പത്തിൽക്കൂടുതൽ പഞ്ചായത്തുകൾക്ക് സഹായകരമായ ഭാരതപ്പുഴയിലെ കൂട്ടക്കടവ് പ്രദേശത്തെ ഒരു ചെക്ക് ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സെൻട്രൽ വാട്ടർ മിഷനും കേരള വാട്ടർ അതോറിറ്റിയും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും നടത്തിയ നിരവധി സർവ്വേകളിൽ ഈ പ്രദേശത്ത് ഒരു ചെക്ക് ഡാം നിർമ്മിച്ചാൽ മാത്രമേ അവിടത്തെ ജനങ്ങൾക്ക് സഹായകരമായ നിലപാട് സ്വീകരിക്കാൻ കഴിയൂ എന്ന് പറഞ്ഞിട്ടുണ്ട്. ആനക്കര പഞ്ചായത്തിൽ തൂതപ്പുഴയ്ക്കും താഴെ ഭാരതപ്പുഴയിൽ ഒരു ചെക്ക് ഡാം നിർമ്മിക്കാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതിനോട് തത്വത്തിൽ യോജിക്കുകയാണ്. ഇതിനായി 1,99,000 രൂപ വകയിരുത്തിയിട്ടുണ്ട്. നദിയുടെ അടിത്തട്ടിൽനിന്നും ഉദ്ദേശം 15 മീറ്റർ താഴ്ചയിലാണ് പാറ കാണുന്നത്. അവിടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 50 ലക്ഷം രൂപ വേണം. സാമ്പത്തിക ലഭ്യതയാണ് പ്രധാന പ്രശ്നം. എങ്കിലും ഈ കാര്യം ഗവൺമെന്റ് ഗൗരവമായി ആലോചിക്കാം.

(9) തിരുവമ്പാടിയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ കാട്ടാനശല്യം

ശ്രീ. സി. മോയിൻകുട്ടി: സർ, എന്റെ മണ്ഡലമായ കോടഞ്ചേരി-തിരുവമ്പാടി-പുതുപ്പാടി പഞ്ചായത്തുകളിൽ പലതും വനാതിർത്തിയുമായി ബന്ധപ്പെട്ട് കിടക്കുകയാണ്. അവിടെ വർഷങ്ങളായി കർഷകർ വമ്പിച്ച ഭീതിയിലാണ്. കാട്ടാനകൾ കടന്നുവന്ന് നിരവധി കർഷകരുടെ സർവ്വതും നശിപ്പിച്ചു പോകുകയാണ്. ഇക്കാര്യത്തിൽ സർക്കാർ അടിയന്തിരമായി എന്തെങ്കിലും ചെയ്യണം. കഴിഞ്ഞ 9 വർഷക്കാലമായി ഈ നിയമസഭയിൽ ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ ഈ പ്രദേശങ്ങളിലും കോടഞ്ചേരി പഞ്ചായത്തിലെ കണ്ടപ്പഞ്ചാൽ, കൂരോട്ടുപാറ പുതുപ്പാടി പഞ്ചായത്തിലെ പയോണ തുടങ്ങിയ പ്രദേശങ്ങളിൽ കർഷകരുടെ ലക്ഷക്കണക്കിന് രൂപയുടെ സമ്പത്തും, അവരുടെ വീടുകളും തകർത്തെറിഞ്ഞിട്ടുണ്ട്. ഇതുസംബന്ധിച്ച് ഫോട്ടോകളും, റിപ്പോർട്ടുകളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല ജീവനു പോലും ഭീതിജനകമായ ഈ അവസ്ഥാവിശേഷം അവസാനിപ്പിക്കാൻ എന്തെങ്കിലും ചെയ്യണം. 7 കിലോമീറ്റർ ദൂരത്തോളം സോളാർ ഫെൻസിംഗ് ഉപയോഗിച്ചുകൊണ്ട് വേലികൾ നിർമ്മിക്കണം. ഇത് നേരത്തെ ഗവൺമെന്റിന്റെ പരിഗണനയിലുള്ളതാണ്. അതുപോലെ കാട്ടാനകൾക്ക് കടന്നു വരാൻ സാധിക്കാത്ത തരത്തിൽ കിടങ്ങുകൾ തീർത്തുകൊണ്ട് കർഷകരുടെ

LIBRARY ARCHIVES Kerala Legislative Assembly

സുരക്ഷിതത്വം ഉറപ്പാക്കുക. അതുപോലെ വൈൽഡ് വിംഗിന്റെ സൗകര്യങ്ങൾ ഉറപ്പുവരുത്തുക. അതിനാവശ്യമായ നടപടികളും സ്വീകരിക്കണം. എട്ട് പത്ത് വർഷമായി ഈ നിയമസഭയിൽ ബഹുമാനപ്പെട്ട മുൻമന്ത്രിമാരോടും അതുപോലെ കഴിഞ്ഞ ഗവൺമെന്റിനോടും ഇതു സംബന്ധിച്ച് ഉന്നയിച്ച കാര്യമാണ്. എന്തെങ്കിലും ഇക്കാര്യത്തിൽ ചെയ്യണം. ഈ ഗവൺമെന്റിന് കർഷകരുടെ ശാപം ഈ കാര്യത്തിൽ ഏറെടുക്കാൻ വിധി ഉണ്ടാകാത്ത തരത്തിലുള്ള നടപടികളും സ്വീകരിക്കണം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രണ്ട് പ്രൊപ്പോസലുകളിൽ ഒന്ന് സോളാർ ഫെൻസിംഗും മറ്റൊന്ന് കിടങ്ങ് കുഴിക്കലുമാണ്. സാമ്പത്തിക ലഭ്യതയനുസരിച്ച് ഗവൺമെന്റിന് കഴിയുന്ന രീതിയിൽ സഹായിക്കാൻ ഒരുക്കമാണ്. അതോടൊപ്പംതന്നെ കൃഷിനാശം സംഭവിച്ചവർക്ക് 2004-05-ൽ 30,784 രൂപ നഷ്ടപരിഹാരം കൊടുത്തിട്ടുണ്ട്. 2005-06-ൽ കൃഷിനാശം സംഭവിച്ചവരിൽനിന്നും 12 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ഇങ്ങനെ കൃഷിനാശം സംഭവിച്ചവർക്ക് കൂടുതൽ പണം കൊടുക്കാൻ കഴിയുമോ എന്നുള്ളത് ഡിപ്പാർട്ടുമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഗവൺമെന്റ് ഗൗരവമായി എടുക്കുന്നതാണ്.

(10) നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനം

ശ്രീ. എം. വി. ജയരാജൻ: സർ, നമ്മുടെ സംസ്ഥാനത്തെ ജില്ലാ കളക്ടർമാർ ചെയർമാൻമാരും, ഹൗസിംഗ് സെക്രട്ടറി ചെയർമാനും ആയിട്ടുള്ള ജില്ലാ നിർമ്മിതി കേന്ദ്രങ്ങളും, സംസ്ഥാന നിർമ്മിതി കേന്ദ്രവും ഇന്ന് ഗുരുതരമായ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. അത് നിർമ്മിതി കേന്ദ്രത്തിലെ പ്രശ്നം മാത്രമല്ല കേരളത്തിലെ നിർമ്മാണ മേഖലയിൽ നല്ല തോതിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് അക്രെഡിറ്റഡ് ഏജൻസീസ് എന്ന പദവിയിലുള്ള ഈ സ്ഥാപനങ്ങൾ തകർന്നു പോകുന്നത് നമ്മുടെ സംസ്ഥാന സർക്കാരിന് ഭൂഷണമായ കാര്യമല്ല. അതിനെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. 14-3-2005-ന് ധനകാര്യ വകുപ്പിറക്കിയിട്ടുള്ള ഉത്തരവ് വഴി അതിൽ പറയുന്നത് Government accredited agencies like Nirmithi Kendra etc. are not eligible for this exemption. നികുതിയിളവ് ഉണ്ടായിരുന്നത് ഇപ്പോൾ ഒഴിവാക്കിയിരിക്കുകയുമാണ്. വാറ്റ് വന്നതോടുകൂടി ഇവർക്ക് നികുതി അടയ്ക്കേണ്ട പുതിയ സ്ഥിതിവിശേഷം വന്നിരിക്കുകയാണ്. യഥാർത്ഥത്തിൽ No profit basis-ൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് നിർമ്മിതി കേന്ദ്രങ്ങളും. Contractor's profit ഈടാക്കുന്നില്ല. വേണമെങ്കിൽ ഒരു കരാറുകാരൻ എന്ന പദവി അവർക്ക് കൊടുത്തിട്ട് പ്രോഫിറ്റ് ഈടാക്കാൻ കഴിയും. അത് നമ്മുടെ ഉദ്ദേശിക്കുന്നേയില്ല. ഇപ്പോഴുള്ള ചട്ടത്തിൽ അങ്ങനെ ഒരു വ്യവസ്ഥയില്ല. അതിനാൽ "വാറ്റിൽ" നിന്നും ഇവരെ പൂർണ്ണമായി ഒഴിവാക്കണം. ഗുണഭോക്തൃ കമ്മിറ്റിയുടെ പദവിയിലാണ് ഇവർ നിർമ്മാണപ്രവർത്തനങ്ങൾ ഏറെടുത്ത് നടത്തുന്നത്. ആ നിലയിൽതന്നെ നിർമ്മിതി കേന്ദ്രങ്ങളെ പരിഗണിക്കണം. മാത്രമല്ല ചില നിർമ്മിതി കേന്ദ്രങ്ങളിൽ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നില്ല. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ റീജിയണൽ കേന്ദ്രമായിട്ടുള്ള എറണാകുളത്ത് ജീവനക്കാർക്ക് 6 മാസത്തെ ശമ്പളം കുടിശ്ശികയാണ്. മറ്റു ജില്ലാ കേന്ദ്രങ്ങളിലും ജീവനക്കാരുടെ ശമ്പളം കുടിശ്ശികയായിട്ടുണ്ട്. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly